"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി പി.കെ ശ്രീകുമാരി നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.445/2024/AGRI തീയതി,തിരുവനന്തപുരം, 20-05-2024

---

പരാമർശം:- 1. 05/08/2023 ലെ സ.ഉ.(സാധാ) നം 774/2023/കൃഷി

2. 13/09/2023 ലെ സ.ഉ. (സാധാ) നം 887/2023/കൃഷി

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 28/10/2023, 22/03/2024 തീയതികളിലെ ADFW/11484/2023-SB1 നമ്പർ കത്തുകൾ.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീമതി.പി.കെ ശ്രീകുമാരിയ്ക്ക് കൃഷി ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് പരാമർശം (1) ഉത്തരവ് പ്രകാരം പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസിസിലേയ്ക്ക് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) ആയി പുനർനിയമനം നൽകുകയുണ്ടായി. 08-08-2023 F.N. ൽ കൃഷി ഡയറക്ടറേറ്റിൽ നിന്നും വിടുതൽ ചെയ്തെങ്കിലും പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) ശ്രീമതി. ഗിരിജ സി യ്ക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O A (EKM) 1265/2023 മേലുള്ള 24/07/2023 ലെ ഉത്തരവ് പ്രകാരം ടി ഓഫീസിൽ തന്നെ ഡെപ്യൂട്ടി ഡയറക്ടർ(NWDPRA) ആയി തുടരുവാൻ ഉള്ള അനുവാദം ഉണ്ടായിരുന്നതിനാൽ ശ്രീമതി.പി.കെ ശ്രീകുമാരിയ്ക്ക് തിരികെ കൃഷി ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടി വരികയും പരാമർശം (2) ഉത്തരവ് പ്രകാരം ടിയാൾ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ 18-09-2023ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) ആയി ജോലിയിൽ പ്രവേശിക്കുകയും ചെയ്തതായും കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി പി.കെ ശ്രീകുമാരിയെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത 08/08/2023 പൂർവ്വാഹ്നം മുതൽ ടിയാൾ കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച 17/09/2023 അപരാഹ്നം വരെ വരെയുള്ള കാലയളവ് ഡ്യൂട്ടി ആയി ക്രമീകരിച്ചു നൽകി ഉത്തരവാകണമെന്ന് കൃഷി ഡയറക്ടർ പരാമർശം (3) കത്തുകൾ പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി.പി.കെ.ശ്രീകുമാരി കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിയമനത്തിനായി കാത്തിരുന്ന 08/08/2023 മുതൽ 18/09/2023 വരെയുള്ള കാലയളവ് കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 12(7)ന്റെ ചുവടെയുള്ള കുറിപ്പ് 4 പ്രകാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ

ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി.പി.കെ ശ്രീകുമാരി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA1/242/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ